**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3384** **11-03-2025 - ൽ മറുപടിയ്ക്ക്**

**വാണിജ്യ സ്ഥാപന ഉടമകൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിലെ എൻ.എച്ച്. 66-ന്റെ വികസനത്തിനായി സ്ഥലവും കച്ചവട സ്ഥാപനങ്ങളും ഏറ്റെടുത്ത് കട ഉടമകൾക്ക് നഷ്ടപരിഹാരം കൊടുത്തുവെങ്കിലും പ്രസ്തുത കടകളിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന വാണിജ്യ സ്ഥാപനങ്ങളുടെ (ചെറുകിട കച്ചവട സ്ഥാപനങ്ങൾ) ഉടമകൾക്ക് നഷ്ടപരിഹാരം ലഭിച്ചിട്ടില്ല എന്നത് സംബന്ധിച്ച പരാതികൾ നിലവിലുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ ദേശീയപാത വികസനത്തിനായി പൂർണ്ണമായും പൊളിച്ചുമാറ്റപ്പെട്ട കെട്ടിടങ്ങളിൽ അർഹതയുണ്ടെങ്കിലും ആനുകൂല്യം നിഷേധിക്കപ്പെട്ടു എന്ന് കാണിച്ച് ലഭ്യമായ രണ്ട് പരാതികൾ തീർപ്പാക്കുന്നതിനായി ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ നിലവിലുണ്ട്. പ്രസ്തുത പരാതികൾ വർക്കല, ചിറയിൻകീഴ് താലൂക്കുകളിൽ നിന്ന് ലഭ്യമായിട്ടുള്ളതാണ്. നിലവിലുള്ള നിയമപ്രകാരം ഈ പരാതികളിൽമേൽ അനന്തര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇത്തരത്തിൽ വർക്കല, ചിറയിൻകീഴ് താലൂക്കുകളിലെ കച്ചവട സ്ഥാപന ഉടമകളിൽ നിന്നും ലഭിച്ച എത്ര പരാതികൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ? | (ബി) | തിരുവനന്തപുരം ജില്ലയിൽ ദേശീയപാത വികസനത്തിനായി പൂർണ്ണമായും പൊളിച്ചുമാറ്റപ്പെട്ട കെട്ടിടങ്ങളിൽ അർഹതയുണ്ടെങ്കിലും ആനുകൂല്യം നിഷേധിക്കപ്പെട്ടു എന്ന് കാണിച്ച് ലഭ്യമായ രണ്ട് പരാതികൾ തീർപ്പാക്കുന്നതിനായി ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ നിലവിലുണ്ട്. പ്രസ്തുത പരാതികൾ വർക്കല, ചിറയിൻകീഴ് താലൂക്കുകളിൽ നിന്ന് ലഭ്യമായിട്ടുള്ളതാണ്. നിലവിലുള്ള നിയമപ്രകാരം ഈ പരാതികളിൽമേൽ അനന്തര നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ